80 (2458) "ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കി നിശ്ചയിക്കാൻ നടപടി"

ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. രാജു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ഷെഡ്യൂൾ ഓഫ് റേറ്റുകൾ പുതുക്കി നിശ്ചയിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഓരോ ഇനത്തിലും നിലവിലുള്ള റേറ്റും പുതുക്കുന്ന റേറ്റും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) &(ബി) ഓരോ ഇനത്തിലും നിലവിലുണ്ടായിരുന്ന റേറ്റിന്റെ ഏകദേശം 40 മുതൽ 50 ശതമാനം വരെ വർദ്ധനവു വരുത്തികൊണ്ട് 1.7.99 മുതൽ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

81 (2459) "ഡിപ്പാർട്ട്മെന്റൽ ആയി നടത്തിയിട്ടുള്ള പണികൾ"

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഡിപ്പാർട്ട്മെന്റൽ ആയി നടത്തിയിട്ടുള്ള പണികൾ ഏതെല്ലാം;

(ബി) ഓരോ പണിയുടെയും എസ്റ്റിമേറ്റ് റേറ്റ് എത്രയാണ്; പ്രസ്തുത ജോലികൾ എസ്റ്റിമേറ്റ് റേറ്റിനാണോ അതോ കൂടിയ/കുറഞ്ഞ തുകയ്ക്കാണോ നൽകിയിട്ടുള്ളത്;

(സി) ഡിപ്പാർട്ട്മെന്റൽ ആയി നടത്തിയ പണികൾ തൊഴിലാളികളെ നേരിട്ട് പണിക്ക് നിർത്തിയാണോ ചെയ്തത്; അല്ലെങ്കിൽ ഏത് രീതിയിലാണ് ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലാളികളെ നേരിട്ട് പണിക്ക് നിറുത്തരുതെന്നോ, കഴിവതും ഒഴിവാക്കണമെന്നോ സർക്കാർ നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) 1970-ന് ശേഷം പി.ഡബ്ലിയു.ഡി. കോഡിൽ ഭേദഗതി വരുത്തി ഡിപ്പാർട്ട്മെന്റൽ വർക്കിനെ സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly